# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3508** 08-11-2019-ൽ
മറുപടി നൽകേണ്ടത്

**<u>സ്പെഷ്യൽ റൂൾ ഭേദഗതി</u>**

<u>ചോദ്യം</u> <u>ഉത്തരം</u>

**പ്രൊഫ.കെ.യു. അരുണൻ** : **ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | |
|---|---|
| സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്പെഷ്യൽ റൂൾസ് ഫോർ ദ കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവ്വീസ് ഭേദഗതിചെയ്യുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച കരട് പ്രൊപ്പോസൽ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും, ആയത് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി വിശദമായി പരിശോധിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിലെ അഭിപ്രായങ്ങൾ പ്രകാരം സമഗ്രമായ മാറ്റം വരുത്തിയ കരട് റൂൾ സാങ്കേതിക |

| | |
|---|---|
| | വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പുനഃസമർപ്പിക്കുകയും പ്രൊപ്പോസൽ AICTE മാനദണ്ഡങ്ങൾ കൂടി ചേർത്ത് പരിഷ്കരിച്ച് വീണ്ടും സർവ്വീസ് സംഘടനകളുമായി 20.11.2019-തീയതിയിലെ യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുമുണ്ട്. അതോടൊപ്പം സർക്കാർ എഞ്ചിനിയറിംഗ് കോളേജിലെ അധ്യാപകരെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**